പ്രസിദ്ധീകരണത്തിന് .......................... 8.12.218

## കെആർഎൽസിസി പ്രസിഡന്റ് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പത്രസമ്മേളനത്തിൽ നൽകുന്ന പ്രസ്താവന

തിരുവനന്തപുരം: ന്യൂനപക്ഷമായ ലത്തീൻ സമുദായത്തോട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളായി അനുവർത്തിച്ചുപോരുന്ന അവഗണന അവസാനിപ്പിക്കണമെന്നും സമുദായത്തോട് രാഷ്ട്രീയ നേതൃത്വങ്ങൾ കാണിക്കുന്ന ഇരട്ടത്താപ്പ് അവസാനിപ്പിക്കണമെന്നും കെആർഎൽസിസി പ്രസിഡന്റും തിരുവനന്തപുരം അതിരൂപതാധ്യക്ഷനുമായ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ആവശ്യപ്പെട്ടു.

രാജ്യത്തിന്റെ ബഹുമുഖമായ വളർച്ചയ്ക്ക് ലത്തീൻ സമുദായം നൽകിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ വളരെ വലുതാണ്. എന്നാൽ ഭരണപ്രതിപക്ഷ നേതൃത്വങ്ങൾ തങ്ങളുടെ താല്പര്യസംരക്ഷണത്തിനുവേണ്ടി തഴുകുകയും അവകാശങ്ങളും അർഹതപ്പെട്ടതും ചോദിക്കുമ്പോൾ സമുദായത്തെ അവഗണിക്കുകയും ചെയ്യുന്ന രാഷ്ട്രീയ ഇരട്ടത്താപ്പിനോട് ലത്തീൻ സമുദായത്തിന് ഇനി യോജിക്കാനാവില്ല. അടുത്തിടെ കേരളം നേരിട്ട ഓഖി-പ്രളയ ദുരന്ത ദുരിതാശ്വാസ മേഖലയിൽ ലത്തീൻ സമുദായാംഗങ്ങൾ പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾ നടത്തിയ ഇടപെടലും പ്രവർത്തനങ്ങളും ലോകശ്രദ്ധ തന്നെ പിടിച്ചുപറ്റിയവയാണ്. മാത്രവുമല്ല, കേരളസൈന്യമെന്നാണ് ഈ ജനവിഭാഗത്തെ സംസ്ഥാന മുഖ്യമന്ത്രി വിശേഷിപ്പിച്ചതുതന്നെ. ഈ വിശേഷണത്തിനുടമകളായ തീരദേശ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് അന്വേഷിച്ച് പരിഹാരം കാണാൻ ബന്ധപ്പെട്ടവർക്ക് കഴിയുന്നില്ല. പ്രളയാനന്തര നവകേരള നിർമ്മിതിക്കായി ആവേശം കൊള്ളുന്ന ഭരണ-പ്രതിപക്ഷ രാഷ്ട്രീയ നേതൃത്വങ്ങൾ ദുരിതക്കടലിൽപ്പെട്ടുഴലുന്ന തീരദേശ ജനതയെ, മത്സ്യത്തൊഴിലാളികളെ അവരുടെ ജീവിതക്ലേശങ്ങളെ കണ്ടില്ലെന്ന് നടിക്കുന്നത് വേദനാജനകവും പ്രതിഷേധാർഹവുമാണ്. മത്സ്യത്തൊഴിലാളികളോടും ലത്തീൻ സമുദായത്തോടും ഭരണകർത്താക്കളും രാഷ്ട്രീയ നേതൃത്വങ്ങളും പിൻതുടർന്നുപോരുന്ന മനുഷ്യത്വമില്ലാത്ത, വിവേചനപരമായ നിലപാട് തിരുത്തിയില്ലെങ്കിൽ ലത്തീൻ സമുദായത്തെ പ്രതിനിധാനം ചെയ്യുന്ന കെആർഎൽസിസിയ്ക്ക് തങ്ങൾ ഇതുവരെ പിൻതുടർന്നുപോന്ന സമദൂരമെന്ന രാഷ്ട്രീയ നിലപാട് പുനഃപരിശോധിക്കേണ്ടിവരും.

ഓഖി ചുഴലിക്കാറ്റ് നാശം വിതച്ച തീരദേശത്തിന്റെ പുനഃരധിവാസത്തിനും മത്സ്യത്തൊഴിലാളി ക്ഷേമത്തിനും 2000 കോടിയുടെ പദ്ധതി പ്രഖ്യാപിക്കുകയും കേന്ദ്രത്തിൽ തീര വികസനത്തിനായി 7343 കോടി രൂപയുടെ പദ്ധതി സമർപ്പിക്കുകയും ചെയ്ത സംസ്ഥാന സർക്കാർ ഓഖി ദുരന്ത ബാധിതർക്കായി എന്തുചെയ്തുവെന്ന ചോദ്യം ഇന്നും പ്രസക്തമാണ്. ഓഖി ദുരന്തത്തിന്റെ ഒന്നാം വാർഷികം പിന്നിടുന്ന ഈ അവസരത്തിൽ ഓഖി ദുരന്തത്തിനായി സംസ്ഥാന സർക്കാർ സമാഹരിച്ച തുക ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും സംബന്ധിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കാനും ഓഖി ദുരിതാശ്വാസത്തിന് ലഭിച്ച മുഴുവൻ തുകയും ഈ മേഖലയ്ക്ക് നൽകി വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണം.

ലത്തീൻ സമുദായത്തെ എന്തെങ്കിലും നക്കാപ്പിച്ച നൽകി വഞ്ചിക്കാമെന്ന ധാരണ ഭരണ-പ്രതിപക്ഷ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് നന്നല്ല. രാജ്യത്തിന്റെ വളർച്ചയ്ക്ക് ഉയിരും ഊരും നൽകിയ പാരമ്പര്യമാണ് തീരദേശ മത്സ്യത്തൊഴിലാളികൾക്കും ലത്തീൻ സമുദായത്തിനുമുള്ളത്. അന്നൊക്കെ നൽകിയ വാഗ്ദാനങ്ങളിൽ ഏറിയപങ്കും ഇന്നും വെറും ജലരേഖയായി മാറിയിരിക്കുന്നു. ഏറ്റവും ഒടുവിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനുവേണ്ടി മോഹനവാഗ്ദാനങ്ങൾ നൽകി മത്സ്യത്തൊഴിലാളികളെ വഞ്ചിച്ചു. ഇന്ന് മത്സ്യത്തൊഴിലാളികൾക്ക് ജീവനും ജീവിതമാർഗവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതൊക്കെ കണ്ടില്ലെന്നുനടിച്ച് ഉള്ളതുകൊണ്ട് തൃപ്തിപ്പെടണമെന്ന ബന്ധപ്പെട്ടവരുടെ നിലപാടിനോട് ലത്തീൻ സമുദായത്തിന് ഒരിക്കലും യോജിക്കാനാവില്ല. ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പത്രസമ്മേളനത്തിൽ പറഞ്ഞു.

ഈ പശ്ചാത്തലത്തിലാണ് ലത്തീൻ സമുദായം **2018 ഡിസംബർ 9** സംസ്ഥാനതലത്തിൽ സമുദായദിനമായി ആചരിക്കുന്നത്. ലത്തീൻ സമുദായത്തിന് ഭരണഘടനാപരമായി അവകാശപ്പെട്ടതും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വളർച്ചയ്ക്ക് അനുപേഷണീയവുമായ പത്ത് ആവശ്യങ്ങൾ അടങ്ങുന്ന ഒരു അവകാശ പത്രിക സമുദായസംഗമം ഈ വർഷവും മുന്നോട്ടുവയ്ക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ അവകാശ പത്രികയിലെ ആവശ്യങ്ങൾ നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. (അവകാശ പത്രികയുടെ കോപ്പി ഇതോടൊപ്പം വിതരണം ചെയ്യുന്നു)

കേരളത്തിലെ 12 ലത്തീൻ രൂപതകളിൽ നിന്നുള്ള പ്രവർത്തകർ ഡിസംബർ 9-ാം തീയതി വൈകിട്ട് 5 ന് ശംഖുമുഖം കടപ്പുറത്തു സമ്മേളിക്കുമ്പോൾ നടക്കുന്ന സമുദായ സംഗമം കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉത്ഘാടനം ചെയ്യും. ലത്തീൻ സമുദായ വക്താവ് ഷാജി ജോർജ്ജ് അധ്യക്ഷനായിരിക്കും. ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തും. കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം, സംസ്ഥാന പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, മന്ത്രിമാരായ ജെ.മേഴ്സിക്കുട്ടിയമ്മ, കെ.രാജു, എം.പിമാരായ പ്രൊഫ. കെ.വി.തോമസ്, ഡോ. റിച്ചാർഡ് ഹേ, എം.വിൻസെന്റ് എംഎൽഎ തുടങ്ങിയവർ പ്രസംഗിക്കും.

**- മോൺ. യൂജിൻ എച്ച്.പെരേര**

പിആർഒ, തിരുവനന്തപുരം ലത്തീൻ അതിരൂപത